കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം - 695033

നമ്പർ: ബി1/54571/2022/സം.തി.ക. തീയതി : 22.04.2022

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ &ജില്ലാ കളക്ടർ ,
തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട,ആലപ്പുഴ,കോട്ടയം, ഇടുക്കി,
എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ.

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - വിവിധ ജില്ലകളിലെ 42 തദ്ദേശസ്വയംഭരണ വാർഡുകളിലേക്ക് **2022 മേയ് 17-ാം (ചൊവ്വ)** തീയതി നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള ഉപതിരഞ്ഞെടുപ്പിനുള്ള നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 20/04/2022-ലെ നമ്പർ 05/2022/സം.തി.ക മുതൽ 10/2022/സം.തി.ക നമ്പർ വരെയുള്ള വിജ്ഞാപനങ്ങൾ.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അംഗങ്ങളുടെ/ കൗൺസിലർമാരുടെ ഒഴിവുകൾ വന്നിട്ടുള്ള 42 നിയോജകമണ്ഡലം/വാർഡുകളിൽ **2022 മേയ് 17-ാം (ചൊവ്വ)**തീയതി നടത്തേണ്ട ഉപതിരഞ്ഞെടുപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സത്വര നടപടികൾക്കായി നൽകുന്നു.

1) പോളിംഗ് ഡ്യൂട്ടിക്കായി നിയോഗിക്കേണ്ട ഉദ്യോഗസ്ഥരുടെ ലിസ്റ്റ് ആവശ്യാനുസരണം ബന്ധപ്പെട്ട ഓഫീസ് മേലധികാരികളിൽനിന്ന് മുൻകൂർ വാങ്ങി പോളിംഗ് ഡ്യൂട്ടിക്കുള്ള ഉദ്യോഗസ്ഥരെ എത്രയും പെട്ടെന്ന് നിയമിക്കേണ്ടതും നിയമന ഉത്തരവുകൾ ബന്ധപ്പെട്ടവർക്ക് നൽകേണ്ടതുമാണ്. നിയമന ഉത്തരവിൽ ഉദ്യോഗസ്ഥർ ഹാജരാകേണ്ട സ്ഥലവും തീയതിയും സമയവും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. പോളിംഗ് ഡ്യൂട്ടിക്കായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർ വോട്ടെടുപ്പിന്റെ തലേ ദിവസം ഉച്ചയ്ക്ക് 12 മണിയ്ക്ക് മുൻപ് ബന്ധപ്പെട്ട പോളിംഗ് സ്റ്റേഷനിൽ ഹാജരാകേണ്ടതും റിസർവ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർ ബന്ധപ്പെട്ട സ്വീകരണ വിതരണ കേന്ദ്രങ്ങളിൽ വോട്ടെടുപ്പിന്റെ തലേദിവസം ഉച്ചയ്ക്ക് 12 മണിയ്ക്ക് മുൻപ് വരണാധികാരി/ഉപവരണാധികാരിക്കു മുൻപിൽ ഡ്യൂട്ടിയ്ക്കായി റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്ന് വ്യക്തമായ നിർദ്ദേശം നൽകേണ്ടതുമാണ്.

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033,
ഫോൺ : 0471-2325048,2337884,Fax:0471-2338288,e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

2) വോട്ടെടുപ്പിന്റെ തലേദിവസം പോളിംഗ് സാധനങ്ങൾ പോളിംഗ് സ്റ്റേഷനിൽ നേരിട്ട് എത്തിക്കുന്നതിനും വോട്ടെടുപ്പിന് ശേഷം അവ തിരികെ സ്വീകരിച്ച് വിതരണ സ്വീകരണ കേന്ദ്രത്തിൽ എത്തിക്കുന്നതിനും നിർണ്ണയിക്കപ്പെട്ട എണ്ണം സെക്ടറൽ ഓഫീസർമാരെ നിയമിക്കേണ്ടതാണ്.

3) പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിക്കുന്നത് സംബന്ധിച്ച് അവരെ ബോധവാന്മാരാക്കുന്നതിനും നടപടി സ്വീകരിക്കണം.

4) ഉപതിരഞ്ഞെടുപ്പിന്റെ നടത്തിപ്പിനായി കമ്മീഷൻ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരെയും പോളിംഗ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരെയും തിരഞ്ഞെടുപ്പ് സംബന്ധിച്ച നടപടികൾ അവസാനിക്കുന്നതുവരെ സ്ഥലംമാറ്റാൻ പാടില്ലാത്തതും (തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാകുന്നതുവരെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം നിയന്ത്രിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ചീഫ് സെക്രട്ടറിയേയും അതാത് വകുപ്പ് മേധാവികളേയും അറിയിച്ചിട്ടുണ്ട്) ഏതെങ്കിലും കാരണവശാൽ ടി ഉദ്യോഗസ്ഥന്മാർക്കു സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ടെങ്കിൽ ടി സ്ഥലംമാറ്റങ്ങൾ പ്രാബല്യത്തിൽ വരുത്താതെ നിർത്തി വയ്ക്കേണ്ടതുമാണ്.

5) ഓരോ ദിവസവും സ്ഥാനാർത്ഥികൾ സമർപ്പിക്കുന്ന നാമനിർദ്ദേശപത്രികളിലെ വിവരങ്ങൾ അതാതു ദിവസം തന്നെ വരണാധികാരികൾ (lsgelection.kerala.gov.in) എന്ന വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നുണ്ടെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

6) ആകെ ലഭിച്ചിട്ടുള്ള നാമനിർദ്ദേശപത്രികകൾ എത്രയെന്നും സൂക്ഷ്മപരിശോധനയ്ക്കുശേഷം സാധുതയുള്ള നാമനിർദ്ദേശപത്രികകൾ എത്രയെന്നും വരണാധികാരികളുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ചുറപ്പാക്കേണ്ടതാണ്.

7) സ്ഥാനാർത്ഥികൾക്ക് ചിഹ്നങ്ങൾ നൽകുമ്പോൾ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്)/കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ വ്യവസ്ഥകളും കമ്മീഷന്റെ 21.06.2017-ലെ 57/2017/സം.തി.ക. വിജ്ഞാപനവും (sec.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്) അവ സംബന്ധിച്ച ഭേദഗതികളും ഇക്കാര്യത്തിൽ കമ്മീഷൻ കാലാകാലങ്ങളിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങളും നിർബന്ധമായി പാലിക്കുവാൻ വരണാധികാരികൾക്കു നിർദ്ദേശം നൽകേണ്ടതാണ്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ അംഗീകാരമില്ലാത്ത ചിഹ്നങ്ങൾ ഒന്നും നൽകുവാൻ പാടില്ല. മത്സരരംഗത്തുള്ള സ്ഥാനാർത്ഥികളുടെ പട്ടിക വരണാധികാരിയിൽനിന്ന് ഫാറം നമ്പർ 6-ൽ ലഭ്യമാക്കി ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും ടി പട്ടികയിൽ പിശകുകൾ ഇല്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഏതെങ്കിലും തരത്തിലുള്ള പിശക്, സൂക്ഷ്മ പരിശോധനയിൽ കണ്ടുപിടിക്കപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണം. 6-ാം നമ്പർ ഫാറത്തിന്റെ ഒരു പകർപ്പ് അന്ന് തന്നെ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

8) തിരഞ്ഞെടുപ്പ് നടത്തുന്നതിനാവശ്യമായ രഹസ്യസീലും പേപ്പർസീൽ, മായാത്ത മഷി എന്നിവയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽനിന്നു വാങ്ങി ബന്ധപ്പെട്ട വരണാധികാരികൾക്ക് നൽകുന്നതിന് ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കണം. തിരഞ്ഞെടുപ്പിനാവശ്യമായ എല്ലാ ഫാറങ്ങളും സ്റ്റേഷനറി സാധനങ്ങളും വരണാധികാരികൾക്ക് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നൽകേണ്ടതാണ്.